പഞ്ചമാസ സമ്പാദ്യ പദ്ധതി

105 [2715] ശ്രീ. ലൂഡി ലൂയിസ്:
,, കെ. ബാബു:
,, സി. പി. മുഹമ്മദ്:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഞ്ചമാസ സമ്പാദ്യ പദ്ധതിയനുസരിച്ച് എത്ര മൽസ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി;

(ബി) അതിനുവേണ്ടി ആകെ എന്തു തുക ചെലവായി എന്നറിയിക്കാമോ?

ഉത്തരം

(എ) സാമ്പത്തിക സഹായം നൽകിയ മൽസ്യത്തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

വർഷം	എണ്ണം
2001-02	97652
2002-03	106899
2003-04	117631
2004-05	124878

(ബി) 26,26,02,396 രൂപ ചെലവായി.

മത്സ്യബന്ധനത്തിനിടെ മരണം

106 [2716] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ടി. തോമസ്:
,, കെ. മോഹൻകുമാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് പോകുമ്പോഴോ, അതിൽ ഏർപ്പെട്ടിരിക്കുമ്പോഴോ മരണം സംഭവിക്കുന്നവർക്കും പരിക്കു പറ്റുന്നവർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(ബി) മത്സ്യബന്ധനത്തിന് പോയി കാണാതാകുന്നവരുടെ ആശ്രിതർക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(സി) ഈ വർഷം മത്സ്യബന്ധനത്തിനിടയിൽ മരിക്കുകയോ, മത്സ്യബന്ധനത്തിന് പോയി കാണാതാവുകയോ ചെയ്ത എത്ര പേരുണ്ട്; അവരുടെ ആശ്രിതർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നൽകിക്കഴിഞ്ഞോ;

(ഡി) ഇപ്രകാരമുള്ള ധനസഹായം വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകട മരണത്തിനും

LIBRARY ARCHIVES Kerala Legislative Assembly

കാണാതാകുന്നവരുടേയും ആശ്രിതർക്ക് 1 ലക്ഷം രൂപയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 1 ലക്ഷം രൂപയും അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000 രൂപയും നൽകുന്നു. അപകടംമൂലം 24 മണിക്കൂറെങ്കിലും ആശുപത്രിയിൽ കിടത്തി ചികിൽസ ആവശ്യമായി വരുന്നവർക്ക് പരമാവധി 2,000 രൂപയും നൽകിവരുന്നു. കൂടാതെ അപകടംമൂലം ചുരുങ്ങിയത് 7 ദിവസത്തേക്കെങ്കിലും ചികിൽസാർത്ഥം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ താൽക്കാലിക അവശതയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം പരമാവധി 500 രൂപ ധനസഹായവും മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 20,000 രൂപ ധനസഹായവും നൽകിവരുന്നു.

മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നുകൊണ്ട് മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മൽസ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ വാർഷിക പ്രീമിയം അടച്ച് അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളി, അപകടത്തിൽപ്പെട്ട് മരിക്കുന്നെങ്കിൽ അവരുടെ ആശ്രിതർക്ക് പരമാവധി 1.5 ലക്ഷം രൂപയും അപകടത്തിൽ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ അതിന്റെ തീവ്രത അനുസരിച്ച് ആനുപാതികമായ തുകയും ഇൻഷ്വറൻസ് ആനുകൂല്യമായി നൽകി വരുന്നു.

(ബി) മത്സ്യബന്ധനത്തിനു പോയി കാണാതാകുന്നവരുടെ ആശ്രിതർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 1 ലക്ഷം രൂപ ധനസഹായമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്നു.

മൽസ്യഫെഡ്വഴി നടപ്പിലാക്കുന്ന അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു പോയി കാണാതാവുകയാണെങ്കിൽ അവരുടെ ആശ്രിതർക്ക് നിയമപരമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് 1.5 ലക്ഷം രൂപ ഇൻഷ്വറൻസ് ആനുകൂല്യമായി നൽകിവരുന്നു.

(സി) ഈ വർഷം ഇതേവരെ 34 പേർ മത്സ്യബന്ധനത്തിനിടയിൽ മരിക്കുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ ആശ്രിതർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല.

മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ സഹായം

107 [2717] ശ്രീ. ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, കെ. ബി. ഗണേഷ് കുമാർ:
,, ആർ. ബാലകൃഷ്ണ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക നഷ്ടപ്പെട്ടതായി മാദ്ധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly